**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2213** **06.02.2019 -ൽ മറുപടിക്ക്.**

**തിരുവനന്തപുരം ജില്ലയിലെ താൽക്കാലിക റേഷൻ ഡിപ്പോകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി. സത്യൻ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര താൽക്കാലിക റേഷൻ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്; അവയുടെ വിശദവിവരവും അവ ഓരോന്നും എന്ന് മുതൽ പ്രവർത്തനം ആരംഭിച്ചുവെന്നും അറിയിക്കുമോ;

(എ) തിരുവനന്തപുരം ജില്ലയിൽ 9 താൽക്കാലിക റേഷൻ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്.

| താലൂക്ക് | എ.ആർ.ഡി. നം | താൽക്കാലിക ലൈസൻസി യായി നിയമിക്കപ്പെട്ട തീയതി |
|---|---|---|
| സി.ആർ.ഒ (എസ്) | 174 | 22-01-2013 |
| സി.ആർ.ഒ (എസ്) | 232 | 31-07-2015 |
| സി.ആർ.ഒ (എസ്) | 191 | 22-01-2018 |
| തിരുവനന്തപുരം | 280 | 26-05-2015 |
| | 302 | 28-05-2015 |
| | 30 | 26-09-2016 |
| നെടുമങ്ങാട് | 341 | 10-08-2008 |
| വർക്കല | 127(78) | 09-06-2014 |
| | 314(75) | 27-03-2017 |

(ബി) താല്ക്കാലിക റേഷൻ ഡിപ്പോകൾ അനുവദിക്കുന്നതിന് സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ വിശദമാക്കാമോ;

(ബി) 1966 ലെ കേരള റേഷനിംഗ് ഓർഡർ ക്ലോസ് 45 (b) പ്രകാരം സ്ഥിര നിയമനം സാധിക്കാതെ വരികയാണെങ്കിൽ റേഷൻ വിതരണത്തിന് തടസ്സമുണ്ടാകാതിരിക്കുവാൻ താൽക്കാലിക ലൈസൻസിയെ നിയമിക്കുന്നതിന് ജില്ലാ സപ്ലൈ ആഫീസറെ അധികാരപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഹൈക്കോടതി ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിന് എത്ര റേഷൻ ഡിപ്പോകൾ അനുവദിച്ച് നൽകുവാനുണ്ടെന്ന് വിശദമാക്കുമോ; | (സി) | ഹൈക്കോടതി ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് റേഷൻ ഡിപ്പോകൾ അനുവദിക്കുവാനില്ല. |
| (ഡി) | ഒഴിവുള്ള റേഷൻ ഡിപ്പോകൾക്ക് താല്ക്കാലിക ലൈസൻസികളെ നിയമിച്ചത് എത്ര കാലത്തേക്കാണ്; | (ഡി) | ആറു മാസത്തേക്കാണ് താൽക്കാലിക ലൈസൻസികളെ നിയമിക്കുന്നത്. |
| (ഇ) | സ്ഥിരം ഡിപ്പോ നിയമനങ്ങൾക്കായി വിജ്ഞാപനം പുറപ്പെടുവിക്കാതെ താല്ക്കാലിക ലൈസൻസികളെ തുടരാനനുവദിക്കുന്നതിന്റെ കാരണം വിശദമാക്കുമോ; | (ഇ) | സ്ഥിരം ലൈസൻസിയെ നിയമിക്കുന്നതിന് ഏതെങ്കിലും കാരണവശാൽ കാലതാമസം നേരിടുകയോ സസ്പെൻഡ് ചെയ്യപ്പെട്ട ലൈസൻസികൾക്കെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പുകൽപ്പിക്കാത്ത സാഹചര്യത്തിലോ താൽക്കാലിക ലൈസൻസികളെ തുടരാൻ അനുവദിക്കാറുണ്ട്. |
| (എഫ്) | അടിയന്തരമായി താല്ക്കാലിക റേഷൻ ഡിപ്പോകളുടെ ലൈസൻസുകൾ റദ്ദ്ചെയ്ത് സ്ഥിര നിയമനത്തിനുള്ള വിജ്ഞാപനത്തിലൂടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | 1966 ലെ കേരള റേഷനിംഗ് ഓർഡറിലെ 45, 2 (a) പ്രകാരം പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടിക വർഗ്ഗക്കാർക്ക് 2 ശതമാനവും റേഷൻ കടകളുടെ ലൈസൻസി നിയമനത്തിൽ സംവരണം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗങ്ങൾക്ക് അർഹതപ്പെട്ട സംവരണം എ.ആർ.ഡി. നിയമനങ്ങളിൽ നൽകണമെന്ന വ്യവസ്ഥ കർശനമായി പാലിക്കപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ